പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6971 — 13.07.2012-ൽ മറുപടിക്ക്

## സ്വകാര്യ ആശുപത്രി ജീവനക്കാർക്ക് മിനിമം വേതനവും അതിനെതിരെ മാനേജ്മെൻറ് നൽകിയ നിവേദനവും

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ. പി. ജയരാജൻ | ശ്രീ. ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർ, പാരാമെഡിക്കൽ സ്റ്റാഫ്, ശുചീകരണത്തൊഴിലാളികൾ എന്നിവർക്കെല്ലാം മിനിമം വേതനം ലഭ്യമാക്കുവാൻ എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) സ്വകാര്യ ആശുപത്രികളിലേയും അനുബന്ധ മേഖലകളിലെയും ജീവനക്കാർക്ക് 10.12.2009 ലെ G.O(MS) നമ്പർ 174/09/തൊഴിൽ നമ്പർ ഉത്തരവുപ്രകാരം മിനിമം വേജസ് നിശ്ചയിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരമുള്ള വേതനം ലഭിക്കുന്നില്ല എന്ന പരാതി കളെത്തുടർന്ന് 12.12.2011 മുതൽ സംസ്ഥാനത്തൊട്ടാകെ പ്രൈവറ്റ് ആശുപത്രികളിൽ സ്ക്വാഡ് പരിശോധന നടത്തിയിട്ടുണ്ട്. മിനിമം വേതനം നൽകാത്ത സ്ഥാപനങ്ങൾക്കെതിരെ ക്ലെയിം പെറ്റീഷനുകൾ ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പരിശോധനാറിപ്പോർട്ടിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കാൻ പരിശോധനാ ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്. |
| (ബി) സർക്കാർ മിനിമം വേതനം നടപ്പിലാക്കിയാൽ അതിൽ നിന്നും ഒഴിവാക്കുവാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ഏതെല്ലാം സ്ഥാപനങ്ങളുടെ നിവേദനങ്ങളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) ഫെല്ലോഷിപ്പ് ഹോസ്പിറ്റൽ, കുമ്പനാട്, പത്തനംതിട്ട, ഹോളിഫാമിലി ഹോസ്പിറ്റൽ, മുതലക്കോടം, തൊടുപുഴ എന്നീ ഹോസ്പിറ്റലുകളെ മിനിമം വേതനം നടപ്പാക്കുന്നതിൽനിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) മിനിമം വേതനത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്ന മാനേജ്മെന്റുകളുടെ നിവേദനത്തിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) മിനിമം വേതന നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കുവാൻ കഴിയുകയില്ല എന്ന വിവരം ടി സ്ഥാപനങ്ങളെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ